പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3613 — 22.08.2017 ൽ മറുപടിയ്ക്ക്

## കുമ്പാറയിൽ മാവേലി സ്റ്റോർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ് എം. തോമസ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ കുമ്പാറയിൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) കൂടരഞ്ഞി പഞ്ചായത്തിൽ രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോർ ആയതിനാൽ അത് പ്രവർത്തിക്കുന്ന കാലത്തേക്ക് വാടക രഹിതകെട്ടിടവും, കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി 1 ലക്ഷം രൂപയും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം ഒടുക്കേണ്ടതാണെന്നും പ്രതിമാസ വിറ്റുവരവ് 4 ലക്ഷം രൂപയ്ക്ക് മുകളിലായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. നിലവിലുള്ള മാനദണ്ഡ മനുസരിച്ചുള്ള പ്രമേയം ഹാജരാക്കുന്നതിന് കൊടുവള്ളി ഡിപ്പോ മാനേജർ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) മാവേലി സ്റ്റോർ അനുവദിക്കുന്നതിന് കെട്ടിട വാടക ഗ്രാമ പഞ്ചായത്ത് നൽകണമെന്ന വ്യവസ്ഥയുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഈ വ്യവസ്ഥയിൽ ഇളവ് അനുവദിക്കുമോ എന്നറിയിക്കാമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ